# തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ. രാജൻ എം.വി)

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - അസി. എഞ്ചിനീയർ തസ്തികയിലെ ജീവനക്കാരുടെ സംയോജിത സീനിയോരിറ്റി ലിസ്റ്റ് - കരട് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം : ഈ കാര്യാലയത്തിലെ 11.03.2020-ലെ ഇ22/4358/2020/സിഇ/ തസ്വഭവ നമ്പർ ഉത്തരവ്

**ഉത്തരവ് നം . ഇ22-4358/2020/സിഇ/തസ്വഭവ തീയതി. 15.04.2020**

മേൽ പരാമർശ ഉത്തരവ് പ്രകാരം ബഹു. സുപ്രീം കോടതിയുടെ വിധിന്യായത്തിന് അനുസരിച്ച്, ഈ വകുപ്പിലെ 31/12/2019 വരെയുള്ള അസിസ്റ്റൻറ് എഞ്ചിനീയർമാരുടെ താൽക്കാലിക മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചിരുന്നു. ആയതിൻ പ്രകാരം ആക്ഷേപം ഉള്ള ജീവനക്കാരെ നേരിൽ കേൾക്കുന്നതിനായി 16/04/2020 മുതൽ 18/04/2020 വരെ തീയതികളിൽ നിശ്ചയിച്ചിരുന്നു. എന്നാൽ കോവിഡ് 19 പ്രിതരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുഗതാഗ്ത സംവിധാനം നിർത്തി വച്ചിരിക്കുന്ന സാഹചര്യത്തിൽ മറ്റൊരറിയിപ്പ് ഉണ്ടാകുന്നത് വരെ ടി നേരിൽ കേൾക്കൽ മാറ്റിവച്ചിരിക്കുന്നതായി ഇതിനാൽ ഉത്തരവാകുന്നു. നേരിൽ കേൾക്കൽ ആവശ്യമുള്ള പക്ഷം തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും.

എന്നാൽ ആക്ഷേപം ഉള്ള ജീവനക്കാർ അവരുടെ ആക്ഷേപത്തിൻറെ പകർപ്പ് (സർട്ടിഫിക്കറ്റുകൾ ചേർക്കേണ്ടതുണ്ടെങ്കിൽ ആയതിൻറെയും സ്കാൻ ചെയ്ത) celsgd.seniority@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ 25/04/2020 ന് മുമ്പായി അയച്ച് നൽകേണ്ടതാണ്. മുമ്പ് അപേക്ഷിച്ച ജീവനക്കാരും ഈ നിർദ്ദേശം പാലിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

വ്യക്തികൾക്ക്, നിയന്ത്രണാധികാരികൾക്ക് (വെബ് സൈറ്റ് മുഖേന)

കുറിപ്പ്:- ഇതുമായി ബന്ധപ്പെട്ട സംശയ നിവാരത്തിന് 9809993986 എന്ന മൊബൈൽ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.